# കുടുംബശ്രീ

## കീഴ്മാട് ഗ്രാമപഞ്ചായത്ത്

## കോവിഡ് കാല പ്രവർത്തന റിപ്പോർട്ട്

**ആമുഖം**

സംസ്ഥാനത്തെ കേവലദാരിദ്രം പൂർണമായി ഇല്ലായ്മ ചെയ്യുക എന്ന ലക്ഷ്യത്തോടെ ആരംഭിച്ച പദ്ധതിയാണ് കുടുംബശ്രീ.

എറണാകുളം ജില്ലയിലെ വാഴക്കുളം ബ്ലോക്കിൽ നല്ലരീതിയിൽ കുടുംബശ്രീ പ്രവർത്തനങ്ങൾ നടത്തി വരുന്ന പഞ്ചായത്താണ് കീഴ്മാട്. 2003 ഫെബ്രുവരി 5-ന് സ്ഥാപിതമായ കീഴ്മാട് സി.ഡി.എസ് കാര്യക്ഷമതയോടും ഊർജസ്വലതയോടും പ്രവർത്തിച്ചു വരുന്നു. ഈ കൊറോണ കാലഘട്ടത്തിൽ ചെയർപേഴ്സൺ ശ്രീമതി നൂർജഹാൻ മുഹമ്മദ്, അക്കൗണ്ടന്റ് ശ്രീമതി സിനി ബിനു, 19 സി.ഡി.എസ് മെമ്പർ എന്നിവർ പ്രവർത്തനങ്ങൾ ഏകോപിച്ചു. ഈ സി.ഡി.എസിൽ 126 എഡി.എസ് മെമ്പർമാർ 231 അയൽക്കൂട്ടങ്ങളായി 4252 അംഗങ്ങൾ പ്രവർത്തിച്ചു വരുന്നു. വയോജന അയൽക്കൂട്ടം 22, ബാലസഭ അയൽക്കൂട്ടം 27 എന്നിവയിൽ 489 ബാലസഭ അംഗങ്ങളും പ്രവർത്തിച്ചു വരുന്നു. ഇതിൽ ഒരു സ്പെഷ്യൽ ബാലസഭയും പ്രവർത്തിച്ചു വരുന്നു.

**1) കമ്മ്യൂണിറ്റി കിച്ചൻ**

കീഴ്മാട് സി.ഡി.എസിന്റെ, ഏറ്റവും എടുത്തു പറയത്തക്ക പദ്ധതിയാണ് കമ്മ്യൂണിറ്റി കിച്ചൻ. മാർച്ച് 20-ന് പ്രവർത്തനം ആരംഭിച്ചു. പഞ്ചായത്തിലെ ഭക്ഷണം കിട്ടാൻ ബുദ്ധിമുട്ടുന്ന എല്ലാ

ആളുകൾക്കും അന്യസംസ്ഥാന തൊഴിലാളികൾക്കും ദിനംപ്രതി 1000 ഊണ് കൊടുക്കുന്ന തരത്തിൽ ആരംഭിച്ചു. ആകെ 17442 ഊണ് ഇതുവഴി വിതരണം ചെയ്തു. 25-04-2020 ഇതിന്റെ പ്രവർത്തനം അവസാനിപ്പിച്ചു.



1000 പേരുടെ വിശപ്പടക്കി കീഴ്മാട് പഞ്ചായത്തിലെ സമൂഹ അടുക്കള

**2) ജനകീയ ഹോട്ടൽ - കുടുംബശ്രീ സദ്യാലയം**

ഉച്ചയൂണ് 20 രൂപയ്ക്ക് നൽകുന്ന പദ്ധതിയായ ജനകീയ ഹോട്ടൽ ഏപ്രിൽ 4-ന് പ്രവർത്തനം ആരംഭിച്ചു. ഇതിൽ കൂടി ഇതുവരെ 2000 ഉച്ചയൂണ് വിതരണം ചെയ്തിട്ടുണ്ട്. കൂടാതെ 2 ആശ്രയ കുടുംബാംഗങ്ങൾക്കും, വികലാംഗനായ ആളിനും ദിവസവും സൗജന്യമായി ഊണ് എത്തിച്ചു നൽകുന്നുണ്ട്.



3) ആശ്രയ വയോജന സർവ്വെ

കോവിഡ് കാലത്ത് ഏറ്റവും ശ്രദ്ധയും പരിചയവും കിട്ടേണ്ട ഒരു വിഭാഗമാണ് 60 വയസിന് മുകളിലുള്ള ആളുകൾ. ആശ്രയ കുടുംബത്തിൽപ്പെട്ട 186 ആളുകളെ ഫോണിൽ വിളിക്കുകയും അവരുടെ ആരോഗ്യകാര്യങ്ങൾ, ഭക്ഷണത്തിൻെറ അവസ്ഥ, അവരുടെ മറ്റ് മാനസിക പിരിമുറുക്കുകൾ എന്നിവ മനസ്സിലാക്കാൻ സാധിച്ചു. കുടുംബശ്രീ തെരഞ്ഞെടുത്ത റിസോഴ്സ് പേഴ്സൺമാർ 3 തവണയായിട്ടാണ് വിളിച്ചത്. 21 പേർക്ക് മരുന്ന് കിട്ടാനുള്ള ബുദ്ധിമുട്ട് ഉണ്ട് എന്ന് മനസ്സിലാക്കുകയും സ്ഥലം എം.എൽ.എ വഴിയും ഹെൽത്ത് ഡിപ്പാർട്ട്മെൻറ് വഴിയും കുടുംബശ്രീ പ്രവർത്തകർ മരുന്ന് നേരിട്ട് എത്തിച്ചു കൊടുത്തു. ഭക്ഷണത്തിൻെറ ബുദ്ധിമുട്ട് അനുഭവപ്പെട്ട 18 പേർക്ക് കമ്മ്യൂണിറ്റി കിച്ചൺ വഴി ഭക്ഷണം എത്തിച്ചു കൊടുത്തു.

## 4) ആശ്രയ വയോജനങ്ങൾക്ക് സോപ്പ്, സോപ്പ്പൊടി വിതരണം

സി.ഡി.എസ് നേതൃത്വത്തിൽ ചെയർപേഴ്സനും, അക്കൗണ്ടൻറും സി.ഡി.എസ് മെമ്പർമാരും കൂടി നാൽപത്തിയഞ്ചോളം വയോജനങ്ങൾക്ക് സോപ്പും - സോപ്പ്പൊടി സൗജന്യമായി എത്തിച്ചു കൊടുത്തു കൂടാതെ പെൻഷൻ ഇല്ലാത്ത പുറംമ്പോക്കിൽ താമസിക്കുന്നവർക്കും വിതരണം ചെയ്തു.



5) സന്നദ്ധ രക്തദാനം

കോവിഡിനെ പേടിച്ച് പല ആളുകളും ഇന്ന് രക്തം നൽകാൻ വിമുഖത കാട്ടാറുണ്ട്. ഈ സാഹചര്യത്തിൽ തികച്ചും വ്യത്യസ്ത കാഴ്ച്ചപ്പാടുമായി കീഴ്മാട് സി.ഡി.എസിലെ അഭിമാനമായ അക്കൗണ്ടൻറ് **സിനി ബിനു.** രക്തം പല രോഗികൾക്കും ആവശ്യമായി വരുന്നുണ്ടെന്ന് സി.ഡി.എസിലെ തന്നെ വാട്ട്സ്ആപ്പ് ഗ്രൂപ്പിൽ എന്ന മെസേജ് കാണാനിടയായ സിനി ബിനുവും ഹസ്ബൻറും രക്തം നൽകുന്നതിന് സന്നദ്ധത പ്രകടിപ്പിച്ചു.

**അനുഭവക്കുറിപ്പ്**

ഞാൻ കീഴ്മാട് അക്കൗണ്ടൻറ് ആണ്. എൻെറ പേര് സിനി ബിനു. ഞാൻ കോവിഡ് സമയത്ത് ചെയ്ത ഒരു കാര്യം ആണ് ഇവിടെ പ്രതിപാദിക്കുന്നത്. എൻെറയും എൻെറ ഹസ്ബൻറിൻേറയും Blood Donate ചെയ്തു. കൊടുക്കുന്നതിന് രണ്ട് ദിവസം മുൻപ് ഒരു Whatsapp Group-ൽ Blood ദാനം ചെയ്യുവാൻ ഇപ്പോൾ ക്യാമ്പുകളൊന്നും നടത്തുവാൻ പറ്റുന്നില്ലെന്നും അതുകൊണ്ട് തന്നെ ആരും ഇപ്പോൾ ദാനം ചെയ്യുന്നില്ല എന്നും ഒരു കുറിപ്പ് കണ്ടു. അങ്ങനെയാണ് ഞങ്ങളുടെ വിവാഹ വാർഷികത്തിൻെറയന്ന് ഞങ്ങൾ ഇങ്ങനെയൊരു തീരുമാനം എടുത്തത്. അവിടെ ചെന്നപ്പോൾ ഡ്യൂട്ടിയിലു-ണ്ടായിരുന്നവർ ഒരുപാട് അഭിനന്ദിച്ചു. Covid സമയത്ത് നിങ്ങൾ ചെയ്യുന്നത് ഏറ്റവും നല്ല കാര്യമാണ് എന്ന് അവർ പറഞ്ഞു.

അതോടൊപ്പം എന്നെ എല്ലാവരും തന്നെ ഞങ്ങളെ ഫോണിലൂടെയും Message-ലൂടെയും അറിയിച്ചത് എല്ലാവർക്കും ഈ പുണ്യപ്രവൃത്തി ഒരു പ്രചോദനം ഉണ്ടാക്കുകയും ഇനി മുതൽ ഞങ്ങളും ഇതു പോലെ ചെയ്യുമെന്ന് അറിയിക്കുകയും ചെയ്തു.



**6) ബാലസഭ**

**വലിയ ലോകവും ചെറിയ കുട്ടികളും**

10 വയസ്സിനും 15 വയസ്സിനും ഇടയിലുള്ള ബാലസഭ കുട്ടികൾക്കായി 5 ചോദ്യങ്ങൾ/പസിൽ അടങ്ങിയ ചലഞ്ചുകൾ

നടത്തി. ഈ സി.ഡി.എസി-ൽ നിന്നും 14 കുട്ടികൾ മത്സരത്തിൽ പങ്കെടുത്തു.

**ഞാനും എൻെറ മുത്തശ്ശിയും**

കേരളത്തിലൊട്ടാകെ ലോക്ക്ഡൗൺ മുഖാന്തിരം കോവിഡിനെ പ്രതിരോധിക്കുന്ന ഈ സമയത്ത് ഏറ്റവും അധികം ശ്രദ്ധകൊടുക്കേണ്ടത് നമ്മുടെ മുത്തശ്ശി മുത്തശ്ശൻമാർക്കുമാണ്. രോഗം വരാതെ ഏറ്റവുമധികം ശ്രദ്ധ കൊടുക്കേണ്ടത് അവരെയാണ്. ഇത്തരത്തിൽ ഒരു കരുതൽ ഉൾക്കൊണ്ട് കുടുംബശ്രീ മിഷൻ പ്രത്യേകശ്രദ്ധ ചെലുത്തുന്ന മേഖലയായതിനാലും ബാലസഭ കുട്ടികളെ അവരവരുടെ വീട്ടിലെ പ്രായമായവരും കോവിഡ്-19 പ്രോട്ടോക്കോൾ പാലിച്ച് പരമാവധി സംവദിക്കുന്നതിനു വേണ്ടി കുട്ടികൾക്കായി ഹ്രസ്വചിത്രമത്സരം സംഘടിപ്പിച്ചു. ഈ പഞ്ചായത്തിൽ നിന്നും 2 മിനിറ്റ് ദൈർഘ്യമുള്ള ഹ്രസ്വചിത്രം ആണ് സംഘടിപ്പിച്ചത്.

7) **DDU-GKY**

കോവിഡ് കാലത്ത് DDU-GKY- പഠിച്ചുകൊണ്ടിരിക്കുന്നവരുടേയും ജോലി കിട്ടിയവരേയും ബ്ലോക്ക് കോർഡിനേറ്റർ 23 കുട്ടികളെ നേരിട്ട് വിളിച്ച് അവരുടെ ഇപ്പോഴത്തെ അവസ്ഥ മനസ്സിലാക്കുകയും അത് ജില്ലാമിഷനിൽ റിപ്പോർട്ട് ചെയ്യുകയും ചെയ്തു.

8) **MKSP**

**'എൻെറ മണ്ണ് എൻെറ അടുക്കളക്ക് എൻെറ പച്ചക്കറി'** – കുടുംബശ്രീ അംഗങ്ങളായ വീട്ടമ്മമാർക്ക് പങ്കെടുക്കുന്നതിനായി പച്ചക്കറി ചലഞ്ച് സംഘടിപ്പിച്ചു. അയൽക്കൂട്ട ജെ.എൽ.ജി യൂണിറ്റിൽ നിന്നും 75 കിലോ പച്ചക്കറികൾ കമ്മ്യൂണിറ്റി കിച്ചണിലേക്ക് കൊടുക്കുകയുണ്ടായി.

**9) ജാക്ക്ഫ്രൂട്ട് ചലഞ്ച്**

ജില്ലാമിഷൻ കുടുംബശ്രീ അംഗങ്ങൾക്കായി 'ചക്ക' ഉപയോഗിച്ചുള്ള വിവിധ ഭക്ഷ്യവിഭവങ്ങൾ തയ്യാറാക്കുന്ന ചലഞ്ച് സംഘടിപ്പിച്ചു. ചക്ക ഉപയോഗിച്ചുള്ള നാടൻ തനിമയാർന്ന വിഭവങ്ങൾ ഒരുക്കുക എന്നതാണ് ഈ ചലഞ്ച് കൊണ്ട് ഉദ്ദേശിക്കുന്നത്. കുടുംബശ്രീ വീട്ടമ്മമാർ പങ്കെടുത്തു.

**10) മാസ്ക് നിർമ്മാണം**

കുടുംബശ്രീ യൂണിറ്റായ ചക്കരാസ് വഴി പഞ്ചായത്ത് പരിധിയിലുള്ള ആളുകൾക്കും മെഡിക്കൽ ഷോപ്പിലുമായി 1500 മാസ്ക്കുകൾ 12 രൂപ നിരക്കിൽ വിതരണം ചെയ്തു.

**11) ശുചീകരണം**

കോവിഡ് ആയി ബന്ധപ്പെട്ട പഞ്ചായത്ത് ഏറ്റെടുത്ത 4 ക്വാറൻറയിൻ കേന്ദ്രങ്ങൾ കുടുംബശ്രീ വഴി ശുചീകരണം നടത്തുകയുണ്ടായി. കൂടാതെ വീടുകളിലും മറ്റുമായി ക്വാറൻറയിൻ

ഇരിക്കുന്നവരെ നിരീക്ഷിക്കാൻ കുടുംബശ്രീവാർഡ് തല കമ്മറ്റി രൂപീകരിച്ചിട്ടുണ്ട്.

**12) സ്നേഹിത കോളിംഗ് ബെൽ**

സ്നേഹിത കോളിംഗ് ബെൽ പദ്ധതിയിൽ ഉൾപ്പെട്ട 7 ഗുണഭോക്താക്കളെ നേരിട്ട് സന്ദർശിക്കുകയും അവരുടെ ആവശ്യങ്ങൾ മനസിലാക്കുകയും, അവർക്ക് വേണ്ടിയുള്ള സേവനങ്ങൾ കുടുംബശ്രീ മുഖേന എത്തിക്കുകയും ചെയ്തു ഇവരെ നിരീക്ഷിക്കുന്നതിനായി കുടുംബശ്രീ ജി.ആർ.സിയിലെ ഉദ്യോഗസ്ഥരെ ഏർപ്പാടാക്കിയിട്ടുണ്ട്.



## 13) CMLHS പദ്ധതി

കോവിഡ് കാലത്തെ പ്രതികൂല സാഹചര്യങ്ങളെ മറികടക്കാൻ കുടുംബശ്രീ അയൽക്കൂട്ടങ്ങൾ വഴി പലിശരഹിത വായ്പ നൽകുമെന്ന് സർക്കാർ പ്രഖ്യാപിച്ച പ്രകാരം 121 യൂണിറ്റിലെ 1219 പേർക്ക് 1 കോടി 3 ലക്ഷം കോവിഡ് ലോൺ ഏർപ്പാടാക്കി കൊടുത്തു.

## 14) സൈബർ ജാലകം

കോവിഡിൻെറ പശ്ചാത്തലത്തിൽ പ്രത്യേക അയൽക്കൂട്ടയോഗം കൂടുവാൻ തീരുമാനിച്ചു. എല്ലാ അയൽക്കൂട്ടാംഗങ്ങളും May 17–ന് അവരവരുടെ വീടുകളിൽ ഇരുന്ന് സോഷ്യൽ മീഡിയ സങ്കേതമായ വാട്ട്സ്അപ്പ്, ഗൂഗിൾ ഫോം മുതലായവയിലൂടെ ഒരു അയൽക്കൂട്ടയോഗം നടത്തി. 'സൈബർജാലകം' എന്ന് പേര് നൽകിയിരിക്കുന്നു. ഈ പരിപാടിയിൽ കുടുംബശ്രീ CDS-ൽ നിന്നും അയൽക്കൂട്ടാംഗങ്ങൾ പങ്കെടുത്തു.

**Face Book Link**

കുടുംബശ്രീ ജില്ലാമിഷൻെറ Face Book Link-ന് വേണ്ട പ്രചാരം നൽകി പരമാവധി ആളുകളെ Followers ആക്കി പ്രവർത്തനങ്ങൾ സമൂഹത്തിൻെറ എല്ലാ ഭാഗങ്ങളിൽ എത്തിക്കുക എന്നതാണ് ലക്ഷ്യം. അതിന് വേണ്ടി CDS മുൻകൈയെടുത്തിട്ടുണ്ട്.

## വാട്ട്സ്അപ്പ് പ്രവർത്തനങ്ങൾ

ലോക്ഡൗൺ മൂലം അടച്ചിടേണ്ട സാഹചര്യങ്ങൾ മൂലം കുടുംബശ്രീയുടെ വിവിധ മേഖലയിലുള്ള പ്രവർത്തനങ്ങൾ സമൂഹമാധ്യമങ്ങൾ വഴി പ്രത്യേകിച്ച് വാട്ട്സ്അപ്പ് കേന്ദ്രീകരിച്ചാണ് നടന്നത്.

1) ബാലസഭ കുട്ടികൾക്കായി 'ഞാനും എൻെറ മുത്തശ്ശിയും.'

2) ബാലസഭ കുട്ടികൾക്കായി 'വലിയലോകവും ചെറിയ കുട്ടികളും'- ചലഞ്ച്.

3) 'ജാക്ക് ഫ്രൂട്ട് ചലഞ്ച്' – ചക്ക ഉപയോഗിച്ചുള്ള പാചകമൽസരം.

4) പ്രത്യേക അയൽക്കൂട്ടയോഗങ്ങൾ കൂടുന്നതിന് 'സൈബർ ജാലകം'.

5) Face book link ജില്ലാമിഷൻെറ ഔദ്യോഗിക Face Book Page.

6) സന്നദ്ധസേന Online Portal.

7) കോവിഡ് പ്രവർത്തനങ്ങളുമായി അയൽക്കൂട്ടതലത്തിൽ 231 വാട്ട്സ്ആപ്പ് ഗ്രൂപ്പുകളും എ.ഡി.എസ് തലത്തിൽ 20–ഉം, ബാലസഭ തലത്തിൽ 2–ഉം, എം.കെ.എസ്.പി തലത്തിൽ 2–ഉം വാട്സ്ആപ്പ് ഗ്രൂപ്പുകൾ പ്രവർത്തിച്ചു വരുന്നു.

**വിവിധ വകുപ്പുകളുമായി സഹകരിച്ച പ്രവർത്തനങ്ങൾ**

Break the Chain ക്യാമ്പയിന്റെ ഭാഗമായി ആരോഗ്യവകുപ്പുമായി സഹകരിച്ചും കുടുംബശ്രീ താഴെതട്ടിലേക്ക് കോവിഡ് ബോധവൽക്കരണ പരിപാടികൾ നടത്തി. പഞ്ചായത്തുമായി സഹകരിച്ച് കമ്മ്യൂണിറ്റി കിച്ചണിന്റെ പ്രവർത്തനത്തിൽ വളരെ സഹകരിച്ചു. അഗതികൾക്കും, അതിഥിതൊഴിലാളികൾക്കും ഭക്ഷണം എത്തിക്കുകയും ചെയ്തു. പൊതു വിതരണ മേഖലയുമായി ബന്ധപ്പെട്ട് കുടുംബശ്രീ പ്രവർത്തകർ സപ്ലൈകോ പാക്കിംഗിന് വേണ്ടി പ്രവർത്തിച്ചു.

**സാദ്ധ്യതകൾ**

1) മാസ്ക്, ആവശ്യത്തിനനുസരിച്ചുള്ള നിർമ്മാണവും, വിതരണവും.

2) JLG കൊണ്ട് കൂടുതൽ കൃഷി ചെയ്യുകയും സംരഭകരെ കൊണ്ട് കൂടുതൽ സംരംഭങ്ങൾ ഉൽപ്പാദിപ്പിക്കുകയും ചെയ്യുക.

3) ജനകീയ ഹോട്ടൽ വഴി ക്വാറന്റയിനിൽ വരുന്ന ആളുകൾക്ക് ആവശ്യത്തിന് ഭക്ഷണം എത്തിച്ചു കൊടുക്കുന്നതാണ്.

**ഉപസംഹാരം**

കോവിഡ് കാലത്ത് കുടുംബശ്രീക്ക് തനതായ പ്രവർത്തനങ്ങൾ കാഴ്ച വക്കാൻ സാധിച്ചിട്ടുണ്ട്. പഞ്ചായത്ത് ആരോഗ്യവകുപ്പുമായിസഹകരിച്ച് 'Break the Chain' ഉൾപ്പെടെയുള്ള കൊറോണ ബോധവൽക്കരണ പരിപാടികൾ ഭംഗിയായി നടത്തുവാൻ സാധിച്ചു. വയോജനങ്ങൾക്ക് വേണ്ടി അതീവശ്രദ്ധ കൊടുക്കുകയും അവരുടെ കാര്യങ്ങളിൽ ഇടപെടുകയും സേവനങ്ങൾ എത്തിച്ചു കൊടുക്കുകയും ചെയ്തതിൽ കുടുംബശ്രീ അംഗങ്ങളുടെ ഇടപെടലുകൾ ശ്ലാഘനീയമാണ്. കമ്മ്യൂണിറ്റി കിച്ചണിൽ നിന്ന് ജനകീയ ഹോട്ടലിലേക്കുള്ള പ്രയാണത്തിൽ അഗതികൾക്കും, അതിഥിതൊഴിലാളികൾക്കും, വയോജനങ്ങൾക്കും ഭക്ഷണം കൊടുക്കുന്നതിലും CDS ന്റെ ഇടപെടലുകൾ എടുത്തുപറയത്തക്കമുള്ളതാണ്. ഇത്തരത്തിൽ സമസ്ത മേഖലയിലും ഇക്കാലയളവിൽ കുടുംബശ്രീക്ക് ശ്രദ്ധപതിപ്പിക്കാൻ സാധിച്ചിട്ടുണ്ട്.

**റിപ്പോർട്ട് സമർപ്പിക്കുന്നത്**

**എൽദോ.റ്റി.എസ്**
**ബ്ലോക്ക് കോർഡിനേറ്റർ**
**SD & DDU-GKY**
**വാഴക്കുളം ബ്ലോക്ക്**

**നൂർജഹാൻ മുഹമ്മദ്**
**സി.ഡി.എസ്.ചെയർപേഴ്സൻ**
**കീഴ്മാട് ഗ്രാമപഞ്ചായത്ത്**